മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പും പാരിസ്ഥിതിക പ്രശ്നങ്ങളും

299 (T3933) ശ്രീ. സി. ദിവാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഏറ്റവും ഉയർന്ന തോതിൽ എത്തിയതു വന്യജീവി സങ്കേതത്തിനുൾപ്പെടെ വൻ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നങ്ങൾ തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ഉയർത്തിയതു മൂലമുണ്ടായ പാരിസ്ഥിതിക/നിയമ പ്രശ്നങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ജലനിരപ്പ് ഉയർത്തുന്നത് Forest Conservation Act 1980, Wildlife Protection Act 1972, Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act 2006 എന്നീ മൂന്നു കേന്ദ്ര നിയമങ്ങളുടെയും ലംഘനമാണെന്ന് കാര്യകാരണ സഹിതം മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റി ചെയർമാനെയും കമ്മിറ്റിയിലെ തമിഴ്നാട് പ്രതിനിധിയേയും കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിയേയും ജലനിരപ്പ് ഉയർത്തുന്നതിന് മുമ്പേ തന്നെ അറിയിച്ചിരുന്നു. കേരളത്തിന്റെ ആശങ്കൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ദേശീയ ഹരിത ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly